**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 327** — **08-08-2023 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നെല്ല് സംഭരണ പദ്ധതി പ്രകാരം കർഷകർക്ക് നൽകാനുള്ള കുടിശ്ശിക തുക വിതരണം ചെയ്യാനും അടുത്ത സംഭരണ സീസൺ മുതൽ സമയബന്ധിതമായി നെല്ലെടുക്കാനും വില യഥാസമയം കർഷകർക്കു ലഭ്യമാക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | 2022-23 സീസണിൽ 31.07.2023 തിയതി വരെ സപ്ലൈകോ 7,31,184 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ആയതിൽ നെല്ലിന്റെ വിലയായ 28.20 രൂപ കൈകാര്യ ചിലവിനത്തിലുള്ള 12 പൈസ എന്നിവ ഉൾപ്പെടെ ആകെ 2070.71 കോടി രൂപയിൽ 737.83 കോടി രൂപ സപ്ലൈക്കോ നേരിട്ട് കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുകയും 200 കോടി രൂപ കേരള ബാങ്ക് വഴിയും (02.02.2023ലെ സ.ഉ.(സാധാ)നം.44/2023/F&CS) 700 കോടി രൂപ SBI, Federal Bank, Canara bankഎന്നിവ ഉൾപ്പെട്ട കൺസോർഷ്യം വഴിയും (12.06.2023ലെ സ.ഉ.(സാധാ)നം.236/2023/F&CS) PRS ലോണായും ആകെ 1637.83 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. നെല്ലിന്റെ വില, കൈകാര്യ ചിലവ് എന്നിവയുടെ ഇനത്തിൽ ഏകദേശം 433 കോടി രൂപ ഇനിയും കൊടുത്ത് തീർക്കുവാനുണ്ട്. ഇതിനായി 31.07.2023ലെ സ.ഉ.(സാധാ)നം.327/2023/ F&CS പ്രകാരം 60 കോടി രൂപയും, 02.08.2023ലെ സ.ഉ.(സാധാ)നം.331/2023/ F&CS പ്രകാരം 120 കോടി രൂപയും ചേർത്ത് ആകെ 180 കോടി രൂപ ഇപ്പോൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>എല്ലാ വർഷവും ഒന്നാം വിള നെല്ല് സംഭരണം ആരംഭിക്കുന്നത് സെപ്റ്റംബർമാസം മുതലാണ്. കേന്ദ്ര സർക്കാർനെല്ല് സംഭരണം തുടങ്ങാനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്കാണ് നെല്ല് സംഭരണം ആരംഭിക്കുന്നത്. സമയബന്ധിതമായി സംഭരണം ആരംഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ സപ്ലൈക്കോ തുടങ്ങിക്കഴിഞ്ഞു. നെല്ല് സംഭരണത്തിൽ പങ്കാളികളാകാൻ താൽപര്യമുള്ള മില്ലുകളെ ക്ഷണിച്ചുകൊണ്ടുള്ള താത്പര്യ പത്രം പത്രമാധ്യമങ്ങൾവഴി പുറപ്പെടുവിച്ച |

| | | | |
|---|---|---|---|
| | | | നെല്ല് സംഭരണത്തിനായുള്ള രജിസ്ട്രേഷൻസൈറ്റ് കർഷകർക്കായി ആഗസ്റ്റ് ഒന്നുമുതൽതുറന്നു കൊടുത്തിരുന്നു. നെല്ലിന്റെ വില അടുത്ത സീസൺ മുതൽ സമയ ബന്ധിതമായി നൽകുന്നതിനായി കേരള ബാങ്ക് ഉൾപ്പെടെയുള്ളവരുമായി ചർച്ചകൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ